JUSTICE IS NOT A FAVOUR
Neethi Vedhi
JUSTICE IS A RIGHT

# നീതിവേദി



നീതി ഔദാര്യമല്ല...
അവകാശമാണ്...

# കവിത - ചിത്ര രചനാ മത്സരങ്ങൾ

സമാധാനദിനാചരണത്തോടനുബന്ധിച്ച് വനിതാ – യുവജന – വിദ്യാർത്ഥി സൗഹൃദ ക്ലബ്ബുകളിലെ അംഗങ്ങൾക്കുവേണ്ടി ''ശാന്തിയും സാഹോദര്യവും കൂട്ടായ്മയും വളർത്തുന്നതിനായി'' എന്ന പ്രമേയത്തെ ആസ്പദമാക്കി ചിത്ര രചനാ, കവിത മത്സരങ്ങൾ നടത്തി.

മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് അംഗൺവാടി ടീച്ചർമാരും നീതിവേദി സ്റ്റാഫ് അംഗങ്ങളായ വത്സ, സാറാമ്മ, ലൈല, ജൂബിലി എന്നിവരും നേതൃത്വം നൽകി.































## ഉല്ലാസയാത്ര



2022 ഫെബ്രുവരി 12 ന് മീനങ്ങാടി പഞ്ചായത്തിലെ മിത്രം വനിതാ ക്ലബ്ബിലെയും, തണൽമരം വിദ്യാർത്ഥി സൗഹൃദ ക്ലബ്ബിലെയും അംഗങ്ങൾക്കായി ഉല്ലാസയാത്ര സംഘടിപ്പിച്ചു. പടിഞ്ഞാറത്തറ ബാണാസുര സാഗർ ഡാം, കൽപ്പറ്റ ചിൽഡ്രൻസ് പാർക്ക് എന്നിവ സന്ദർശിച്ചു. വനിതാ ക്ലബ്ബ് പ്രസിഡന്റ് ശ്രീമതി സാജിത റഷീദ്, സെക്രട്ടറി ശ്രീമതി ലിജ ഷിബു, ഫീൽഡ് വർക്കർ ശ്രീമതി സാറാമ്മ ഷാജി എന്നിവർ നേതൃത്വം നൽകി.





## "ഗ്രാമം" യുവജന സൗഹൃദ ക്ലബ്ബ് രൂപീകരണം

2022 ഫെബ്രുവരി 9ന് പുൽപ്പള്ളി കരിമം ഊരിലെ യുവജനങ്ങൾക്കുവേി സൗഹൃദ ക്ലബ്ബ് രൂപീകരിച്ചു. നീതിവേദി കോർഡിനേറ്റർ ജെയിംസ് തോമസ്, സാറാമ്മ എന്നിവർ നേതൃത്വം നൽകി. ക്ലബ്ബിന്റെ ഭാരവാഹികളായി ശ്യാം ജി.കെ. (പ്രസിഡന്റ്) ബാലമണി (വൈസ് പ്രസിഡന്റ്), പ്രീത (സെക്രട്ടറി), ശ്യാം കെ. (ജോ. സെക്രട്ടറി), അവിനാഷ് (ട്രഷറർ), ജോബി, സനി (എക്സിക്യൂട്ടിവ് അംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.





## ഏജൻസി റിവ്യൂ മീറ്റിംഗ്



2022 ഫെബ്രുവരി 16,17 തിയതികളിൽ ബാംഗ്ലൂർ വെച്ച് നടന്ന എം എം പാരർട്നേഴ്സ് റിവ്യൂ മീറ്റിംഗിൽ ഫാ. സ്റ്റീഫൻ മാത്യു, സി. ജോയ്സി ജോയി, ശ്രീമതി ഫ്ളയ്സി ജോസ് എന്നിവർ പങ്കെടുത്തു.

## "എൻ ഊര്" പദ്ധതി സംബന്ധിച്ച ചർച്ച





ആദിവാസി സമൂഹത്തിന്റെ വികസനത്തിനും നിരവധി പേരുടെ ജോലി സാധ്യതയ്ക്കും പ്രയോജനകരമായ സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള 'എൻ ഊര് ' പദ്ധതി വനം വകുപ്പിന്റെ നിഷേധാത്മകമായ സമീപനം വഴി തടസ്സപ്പെടുന്നു എന്നത് സംബന്ധിച്ച് ആദിവാസി നേതാക്കളും ഗുണഭോക്താക്കളുമായി 2022 ഫെബ്രുവരി 7-ാം തിയ്യതി നീതിവേദി ഓഫീസിൽ വെച്ച് ചർച്ച നടന്നു. ആദിവാസി സമൂഹത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ ആവശ്യമെങ്കിൽ നിയമ നടപടികൾക്ക് തുടക്കം കുറിക്കാൻ തീരുമാനിച്ചു.

# എക്സ്പോഷർ വിസിറ്റ്





നീതിവേദിയുടെ ആഭിമുഖ്യത്തിൽ 2022 ഫെബ്രുവരി 22,23 തിയ്യതികളിൽ എറണാകുളത്തേക്ക് എക്സ്പോഷർ വിസിറ്റ് സംഘടിപ്പിച്ചു. വയനാട് ജില്ലയിലെ വിവിധ പഞ്ചായത്ത് പീസ് കമ്മിറ്റികളിൽ നിന്നും വനിത-യുവജന ഹാർമണി ക്ലബ്ബുകളിൽ നിന്നും കോർ ടീം അംഗങ്ങളിൽ നിന്നുമുള്ള പ്രതിനിധികളായി 50 പേരാണ് ഈ പരിപാടിയിൽ പങ്കെടുത്തത്. 2022 ഫെബ്രുവരി 21-ാം തിയ്യതി വൈകുന്നേരം 8.45 ന് നീതിവേദി ഓഫീസിൽ നിന്നും ആരംഭിച്ച യാത്രയുടെ ഭാഗമായി വിവിധ മത കേന്ദ്രങ്ങൾ സന്ദർശിക്കുകയും മത നേതാക്കളും മത സൗഹാർദത്തിനുവേണ്ടി പ്രവർത്തിക്കുന്ന വ്യക്തികളുമായി സൗഹൃദ ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്തു. 2022 ഫെബ്രുവരി 24-ാം തിയ്യതി രാവിലെ ഏറെ സംതൃപ്തിദായകമായ സന്ദർശനയാത്ര പൂർത്തിയാക്കി പ്രതിനിധികൾ തിരിച്ചെത്തി.

## ചാവറ കൾച്ചറൽ സെന്റർ സന്ദർശനം




ഫെബ്രുവരി 22 ന് രാവിലെ ചാവറ കൾച്ചറൽ സെന്ററിൽ വെച്ച് നടന്ന മതാന്തര സൗഹൃദ സദസ്സിലേക്ക് ഡയറക്ടർ ഫാ. തോമസ് പുതുശ്ശേരി നീതിവേദി പ്രതിനിധികളെയും മറ്റു വിശിഷ്ട അതിഥികളെയും സ്വാഗതം ചെയ്തു. പ്രൊഫ.എം ആർ മേനോന്റെ നേതൃത്വത്തിൽ നടന്ന ഭജനകൾ ഏറെ ഹൃദ്യമായിരുന്നു. പ്രൊഫസർ എം കെ സാനു മാസ്റ്റർ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജസ്റ്റിസ് പി.കെ ഷംസുദ്ദീൻ അദ്ധ്യക്ഷത വഹിച്ചു. ഡോ.കെ രാധാകൃഷ്ണൻ നായർ, ഫാ. സ്റ്റീഫൻ മാത്യു, എറണാകുളം കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ, ജെബിൻ ജോസ്, ബൺഡിസിങ്, സെയ്തലവി, ഫ്ളയ്സി ജോസ്, പ്രൊഫസർ എൻ. ജിജോ പാലത്തിങ്കൽ, ജോളി പവേലിൽ എന്നിവർ പ്രസംഗിച്ചു.







## ജില്ലാ പീസ് ഫോറം പ്രതിനിധികൾക്ക് പരിശീലനം







വയനാട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നുമുള്ള പ്രതിനിധികൾക്കും ജില്ലാ പീസ് ഫോറം അംഗങ്ങൾക്കുമായി 2022 ഫെബ്രുവരി 22-ാം തിയ്യതി എറണാകുളം റിന്യൂവൽ സെന്ററിൽ വെച്ച് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ. കെ.ഐ. തോമസ് സാർ അദ്ധ്യക്ഷത വഹിച്ചു. നീതിവേദി പ്രസിഡന്റ് ഫാ. സ്റ്റീഫൻ മാത്യു വിശിഷ്ടാതിഥിയെ പരിചയപ്പെടുത്തുകയും ഏവരെയും സ്വാഗതം ചെയ്യുകയും ചെയ്തു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റിട്ടയേർഡ് പ്രൊഫസർ ഡോ. എം.പി. മത്തായി മത സൗഹാർദത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഗാന്ധിയൻ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സെടുത്തു. വിവിധ മതങ്ങളെ ഉൾപ്പെടുത്തി കൂട്ടായ പരിശ്രമങ്ങൾ സംഘടിപ്പിക്കുവാനുള്ള വിവിധ നിർദ്ദേശങ്ങൾ അദ്ധേഹം നൽകി.

## ഗ്രാൻഡ് ജുമാ മസ്ജിദിൽ നീതിവേദി പ്രവർത്തകർക്ക് സ്വീകരണം





നീതിവേദി സമാധാന പ്രവർത്തകർക്ക് 2022 ഫെബ്രുവരി 22-ാം തിയ്യതി എറണാകുളം ഗ്രാൻഡ് ജുമാ മസ്ജിദിൽ വെച്ച് ഇമാം ഫൈസൽ സാഹിബിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി. ആലുവ കോളേജിലെ വിദ്യാർത്ഥിനികളുടെ സ്വാഗത ഗാനത്തിനുശേഷം ഫോറം ഫോർ ഫെയ്ത്ത് ആന്റ് ഫ്രെറ്റേണിറ്റി പ്രസിഡന്റ് ഡോ. സി.എച്ച്. അബ്ദുൾ റഹീം ആമുഖ സന്ദേശം നൽകി. ചെന്നൈ വിഷ്ണു മോഹൻ ഫൗഷേൻ സ്ഥാപകൻ സ്വാമി ഹരിപ്രസാദ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ നമ്മുടെ താൽപര്യങ്ങളും പരിഗണനകളും മറ്റുള്ളവരെ മുറിപ്പെടുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിച്ചു. കാലടി സംസ്കൃത യൂണിവേഴ്സിറ്റി പ്രൊ. വൈസ്ചാൻസ്‌ലർ ഡോ. ശ്രീകല മതസൗഹാർദത്തിനായുള്ള ഒത്തുചേരലുകൾ ഏറെ പ്രധാനപ്പെട്ടതാണെന്ന് അഭിപ്രായപ്പെട്ടു. നീതിബോധവും അനുകമ്പയും ഉള്ളവർക്കുമാത്രമേ ദൈവത്തോട് ചേർന്നുനിൽക്കാനാകൂ എന്ന് ഇമാം ഫൈസൽ സൂചിപ്പിച്ചു. മസ്ജിദിൽ നടന്ന സായാഹ്ന പ്രാർത്ഥനയിലും സ്നേഹ വിരുന്നിലും ഏവരും പങ്കുചേർന്നു. ശ്രീ ജെയിംസ് തോമസ് എല്ലാവർക്കും നന്ദി പറഞ്ഞു.

## ഗുരുദ്വാര സന്ദർശനം




നീതിവേദി പ്രവർത്തകരുടെ എക്സ്പോഷർ വിസിറ്റിന്റെ ഭാഗമായി കൊച്ചി ഗുരുദ്വാര ശ്രീ ഗുരു സിംഗ് സഭ 2022 ഫെബ്രുവരി മാസം 23-ാം തിയ്യതി രാവിലെ സന്ദർശിച്ചു. ശ്രീ ബഡിസിംഗ് ഏവർക്കും സ്വാഗതം നൽകുകയും സിക് മതത്തിന്റ ആചാരാനുഷ്ഠാനങ്ങൾ സംബന്ധിച്ച് വിശദീകരിക്കുകയും ചെയ്തു. നീതിവേദി പ്രവർത്തകരിൽ ബഹുഭൂരിഭാഗം പേർക്കും സിക് ഗുരുദ്വാരയിലേക്കുള്ള ആദ്യ സന്ദർശനമായിരുന്നു ഇത്. അവിടുത്തെ പുരോഹിതൻ ആലപിച്ച കീർത്തനങ്ങളും വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള വായനയും ഏറെ ശ്രദ്ധേയമായിരുന്നു. പഞ്ചാബി രുചിപ്രദമായ ചായയും പലഹാരങ്ങളും ഏവരും ആസ്വദിച്ചു.

## ധർമ്മഭാരതി ആശ്രമ സന്ദർശനം



മതങ്ങലുടെ അടിസ്ഥാനത്തിൽ വർദ്ധിച്ചു വരുന്ന ചേരിതിരുവുകളും സങ്കർഷങ്ങളും ഇല്ലാതാക്കണമെന്ന ആഗ്രഹത്തോടെയാണ് നീതിവേദി പ്രവർത്തകർ 2022 ഫെബ്രുവരി 3-ാം തിയ്യതി ധർമ്മ ഭാരതി ആശ്രമം സന്ദർശിച്ചതും ഡോ. സച്ചിതാനന്ദ ഭാരതിയുമായി ചർച്ചകൾ നടത്തിയതും. അദ്ദേഹത്തിന്റെ ജീവിതത്തിലുായ മാറ്റങ്ങൾ സംബന്ധിച്ച പങ്കുവെയ്ക്ക ലുകൾ ഏറെ പ്രചോദനാത്മകമായിരുന്നു. മാനവസേവ -മാധവസേവയിൽ അധിഷ്ഠിതമായ ത്യാഗാർച്ചന എന്ന ദർശനം ഏറെ ആകർഷകമായിരുന്നു. ആചാര്യ, മാതാജി മറ്റ് പ്രവർത്തകർ എന്നിവരുടെ ലാളിത്യവും ജീവിത ശൈലിയും ഏവർക്കും അനുകരണീയമായി തോന്നി. ശ്രീ. ലത്തീഫ് കണിയാമ്പറ്റ എല്ലാവർക്കും നന്ദിയറിയിച്ചു.

## സമീക്ഷയിലേക്കൊരു തീർത്ഥയാത്ര



നീതിവേദി പ്രവർത്തകരുടെ എക്സ്പോഷർ വിസിറ്റിന്റെ സമാപന പരിപാടിയായിരുന്നു കാലടി സമീക്ഷയിലേക്കുള്ള സന്ദർശനം. സ്ഥാപക ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പൈനാടത്ത് ഏവരെയും സ്വാഗതം ചെയ്യുകയും സമീക്ഷയുടെ ദർശനം, ധൗത്യം, പ്രവർത്തം എന്നിവ വിശദീകരിക്കുകയും ചെയ്തു. പെരിയാർ തീരത്തുകൂടെയും സമീക്ഷ ക്യാമ്പസിലൂടെയുമുള്ള യാത്ര ഏറെ ഉണർവ്വ് പകരുന്ന അനുഭവമായിരുന്നു. ഫാ. സെബാസ്റ്റ്യൻ നയിച്ച വൃക്ഷ ധ്യാനം ഏറെ അനുഭവപൂർണ്ണമായിരുന്നു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളൈസി ജോസ് സമീക്ഷ പ്രവർത്തകർക്ക് ഹൃദ്യമായ നന്ദി അറിയിച്ചു.

# സോഷ്യൽ മീഡിയ ട്രെയിനിംഗ്





2022 ഫെബ്രുവരി 26 ന് കാക്കവയൽ നീതിവേദി ഓഫീസിൽ വെച്ച് യുവജനങ്ങൾക്കായി സോഷ്യൽ മീഡിയ എങ്ങനെ പോസിറ്റീവ് ആയി ഉപയോഗിക്കാമെന്നുള്ള പരിശീലന പരിപാടി സംഘടിപ്പിച്ചു. അഡ്വ. ജിജിൽ ജോസഫ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 43 പേർ പങ്കെടുത്തു.

# വനിത സൗഹൃദ കൂട്ടായ്മ

2022 ഫെബ്രുവരി 27 ന് എടപ്പട്ടി വനിതാ സൗഹൃദ ക്ലബിന്റെ മീറ്റിംഗ് നടന്നു. ക്ലബ് അംഗങ്ങൾ ചേർന്ന് സോപ്പ്പൊടിയും ലോഷനും നിർമ്മിച്ചു.



# സ്റ്റാഫ് റിവ്യൂ മീറ്റിംഗ്





2022 ഫെബ്രുവരി 28 ന് നീതിവേദി ഓഫീസിൽ വെച്ച് സ്റ്റാഫ് അംഗങ്ങളുടെ റിവ്യൂ മീറ്റിംഗ് നടന്നു.

# സമാധാന ദിനാചരണം

## മുട്ടിൽ


2022 ഫെബ്രുവരി 20 ന് നീതിവേദിയുടെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് തല സമാധാന ദിനാഘോഷം മുട്ടിൽ പഞ്ചായത്ത് കല്ലുപാടി സാംസ്കാരിക നിലയത്തിൽ വെച്ച് നടന്നു. ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം പീസ് കമ്മിറ്റി അംഗം ശ്രീ ഗോപി സ്വാഗതം പറഞ്ഞു. ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ. കെ.ഐ. തോമസ് അധ്യക്ഷത വഹിച്ചു. മുട്ടിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ സ്കറിയ ഉദ്ഘാടനം ചെയ്തു. മുട്ടിൽ യതീംഖാന കമ്മിറ്റി ചെയർമാൻ ശ്രീ മുഹമ്മദ് സമാധാന ദിന സന്ദേശം നൽകി. പീസ് കമ്മിറ്റി കൺവീനർ ശ്രീമതി ആയിഷാബി സമാധാനദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വാർഡ് മെമ്പർമാരായ ശ്രീമതി മേരി, ശ്രീമതി ശ്രീദേവി, വാർഡ് വികസന കൺവീനർ ശ്രീ സുരേഷ് എന്നിവർ ആശംസകൾ അർപ്പിച്ചു. വിദ്യാർത്ഥി സൗഹൃദ ക്ലബ്ബിലെ കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. കോർ ടീം വോളന്റിയർ ശ്രീമതി ബബിത എല്ലാവർക്കും നന്ദി പറഞ്ഞു.











## പടിഞ്ഞാറത്തറ

2022 മാർച്ച് 3 ന് പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ കുരുക്ഷേത്ര ലൈബ്രറിയിൽ വെച്ച് സമാധാനദിനാഘോഷം നടത്തി. പീസ് കമ്മറ്റി ജോ. കൺവീനർ ശ്രീമതി മേരിക്കുട്ടി സെബാസ്റ്റ്യൻ സ്വാഗതം ആശംസിച്ചു. വാർഡ് മെമ്പർ ശ്രീമതി രജിത ഷാജി അദ്ധ്യക്ഷത വഹിച്ച യോഗം 2-ാം വാർഡ് മെമ്പർ ശ്രീ റഷീദ് ഉദ്ഘാടനം ചെയ്തു. പൊതുപ്രവർത്തക ശ്രീമതി ഷാലി ജോൺസൺ സമാധാനദിന സന്ദേശം നൽകി. പീസ് കമ്മറ്റി കൺവീനർ ശ്രീമതി പ്രേമലത സമാധാനദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ശ്രീമതി ഗീത സുരേന്ദ്രൻ, ശ്രീമതി സതീ വിനോദ്, ശ്രീമതി ശാന്തകുമാരി, എന്നിവർ ആശംസകൾ അർപ്പിച്ചു. ശ്രീമതി സുനിത ജയപ്രകാശ് നന്ദി പറഞ്ഞു. ശ്രീ. ജെയിംസ് തോമസ് നേതൃത്വം നൽകി. 60 പേർ പങ്കെടുത്തു.

## പൊഴുതന

2022 മാർച്ച് 6 ന് പൊഴുതന പഞ്ചായത്തിലെ ഇടിയംവയൽ സാംസ്ക്കാരിക നിലയത്തിൽ വെച്ച് സമാധാനദിനാചരണം നടന്നു. വാർഡ് വികസന സമിതി അദ്ധ്യക്ഷൻ ശ്രീ മുസ്തഫ സ്വാഗതം ആശംസിച്ചു. മുൻ പഞ്ചായത്ത് മെമ്പർ ശ്രീ സുനീഷ് ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ഒന്നാം വാർഡ് മെമ്പർ ശ്രീമതി സുധ അനിൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. നീതിവേദി കോർഡിനേറ്റർ ശ്രീ ജെയിംസ് തോമസ് സമാധാനദിന സന്ദേശം നൽകി. പീസ് കമ്മറ്റി കൺവീനർ ശ്രീമതി ഫിലോമിന സമാധാനദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പൊതുപ്രവർത്തകരായ ശ്രീ മുഹമ്മദ് ചെമ്പൻ, ഹണി ദിനേശ് എന്നിവർ ആശംസകളർപ്പിച്ചു. ഊരുമൂപ്പൻ ശ്രീ. കെ കെ രാധാകൃഷ്ണൻ നന്ദി പറഞ്ഞു.





## അമ്പലവയൽ





06.03.2022 ന് അമ്പലവയൽ ഗ്രാമ പഞ്ചായത്തിലെ ആയിരം കൊല്ലിയിൽ വെച്ച് സമാധാനദിനാചരണം നടന്നു. ശ്രീമതി ലൂസി മത്തായിയുടെ ഈശ്വര പ്രാർത്ഥനയോടെ പരിപാടി ആരംഭിച്ചു. ശ്രീ ജയേഷ് എല്ലാവരെയും പരിപാടിയിലേക്ക് സ്വാഗതം ചെയ്തു. പീസ് കമ്മിറ്റി ചെയർമാൻ ശ്രീ നീജിഷ് കെ. അദ്ധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ ശ്രീമതി ഷീജ ബാബു ഉദ്ഘാടനം ചെയ്തു. ശ്രീ ജോർജ്ജ് മാസ്റ്റർ സമാധാനദിന സന്ദേശം നൽകി. ശ്രീ അരുൺ, ശ്രീ മൈജു എന്നിവർ ആശംസകൾ നേർന്നു. മുതിർന്ന വനിതകളായ ശ്രീമതി കേത്തി, ശ്രീമതി മാരിയമ്മ എന്നിവരെ ആദരിച്ചു. ശ്രീ അരുൺ നന്ദി പറഞ്ഞു. 52 പേർ പങ്കെടുത്തു.

## കൽപ്പറ്റ

കൽപ്പറ്റ നഗരസഭയിൽ വെച്ച് 06.03.2022 ന് സമാധാനദിനാഘോഷം സംഘടിപ്പിച്ചു. ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം എ.ഡി.എസ്. പ്രസിഡന്റ് ശ്രീമതി രാധ പരിപാടിയിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്തു. നഗരസഭാ കൗൺസിലർ ശ്രീമതി ഷെരീഫ അദ്ധ്യക്ഷത വഹിച്ചു. നഗരസഭാ വൈസ് ചെയർപേഴ്സൺ ശ്രീമതി അജിത ഉദ്ഘാടനം ചെയ്തു. പീസ് കമ്മിറ്റി ചെയർമാൻ അഡ്വ. മുസ്തഫ സമാധാനദിന സന്ദേശം നൽകി. സമാധാനദിന പ്രതിജ്ഞ പീസ് കമ്മിറ്റി കൺവീനർ ശ്രീമതി ശോശാമ്മ ചൊല്ലിക്കൊടുത്തു. ശ്രീമതി സുജാത, ശ്രീമതി ഷബ്ന എന്നിവർ ആശംസകൾ നേർന്നു. വിവിധ കലാപരിപാടികൾക്ക് ശേഷം പീസ് കമ്മിറ്റി അംഗം ശ്രീമതി ഷെർലി എല്ലാവർക്കും നന്ദി പറഞ്ഞു. 70 അംഗങ്ങൾ പങ്കെടുത്തു.





## കമ്പളക്കാട്





12.03.2022 ന് കമ്പളക്കാട് എ.പി.ജെ. നഗറിൽ വെച്ച് കണിയാമ്പറ്റ പഞ്ചായത്ത് പീസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സമാധാനദിനാചരണം നടത്തി. 'ലൈഫ് ലൈൻ' വിദ്യാർത്ഥി സൗഹൃദ ക്ലബ്ബിലെ അക്ഷര, ലിയാന, ഫാത്തിമ എന്നിവരുടെ ഈശ്വര പ്രാർത്ഥനയോടുകൂടി പ്രോഗ്രാം ആരംഭിച്ചു.പീസ് കമ്മിറ്റി കൺവീനർ ശ്രീ ലത്തീഫ് മേമാടൻ എല്ലാവരെയും സ്വാഗതം ചെയ്തു. പീസ് കമ്മിറ്റി ചെയർമാൻ ശ്രീ ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. ഗ്രാമ വികസന വകുപ്പ് പ്രൊജക്റ്റ് ഡയറക്ടർ ശ്രീ പി.സി. മജീദ് ഉദ്ഘാടനം നിർവഹിച്ച് സമാധാനദിന സന്ദേശം നൽകി. കണിയാമ്പറ്റ പഞ്ചായത്ത് മെമ്പർ ശ്രീ നൂരിഷ ചേനോത്ത് സമാധാന പ്രതിജ്ഞ ചൊല്ലികൊടുത്തു. വിമൻസ് ക്ലബ്ബ് പ്രസിഡന്റ് ശ്രീമതി ഷാനിബ, നീതിവേദി സ്റ്റാഫ് ശ്രീമതി വത്സ ദേവസ്യ എന്നിവർ ആശംസകൾ അർപ്പിച്ചു. കോർ ടീം മെമ്പർ ശ്രീമതി സബിത എല്ലാവർക്കും നന്ദി പറഞ്ഞു. വനിതാ- വിദ്യാർത്ഥി സൗഹൃദ ക്ലബ്ബിലെ അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. കലാപരിപാടികൾ അവതരിപ്പിച്ചവർക്ക് സമ്മാനം നൽകി. കുട്ടികളും വനിതകളുമായി 80 ഓളം പേർ പങ്കെടുത്തു.

## പുൽപ്പള്ളി





12.03.2022 ന് പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ വിജയ ഹയർസെക്കറി സ്കൂളിൽ വെച്ച് സമാധാനദിനാചരണം സംഘടിപ്പിച്ചു. ശ്രീമതി ഉഷയുടെ ഈശ്വര പ്രാർത്ഥനയോടെ പ്രോഗ്രാം ആരംഭിച്ചു. പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. ശോഭ സുകു എല്ലാവരെയും സ്വാഗതം ചെയ്തു. പീസ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി റീന പൗലോസ് അദ്ധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ റ്റി.എസ്. ദിലീപ് കുമാർ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. പീസ് കമ്മിറ്റി അംഗം ശ്രീമതി ജിനി തോമസ് സമാധാനദിന പ്രതിജ്ഞ ചൊല്ലി. പുൽപ്പള്ളി പഴശ്ശിരാജ കോളേജിലെ അസ്സി. പ്രൊഫസർ ശ്രീ വി.ആർ. രാജേഷ് പവർപോയിന്റ് പ്രസന്റേഷനിലൂടെ സമാധാനദിന സന്ദേശം അവതരിപ്പിച്ചു. പുൽപ്പള്ളി ഗ്രാമ പഞ്ചായത്ത് മെമ്പർമാർ ആശംസകൾ അറിയിച്ചു. കാരുണ്യ പെയിൻ ആന്റ് പാലിയേറ്റീവ്, കണ്ണീരൊപ്പാം, കൈകോർക്കാം (വാട്സ് ആപ്പ് കൂട്ടായ്മകൾ) എന്നിവയുടെ പ്രതിനിധികളെ മൊമെന്റോ നൽകി ആദരിച്ചു. ഹരിതകർമ്മസേന അംഗങ്ങൾ നാടൻ പാട്ട്, തിരുവാതിര എന്നിവ അവതരിപ്പിച്ചു. കലാപരിപാടികൾ അവതരിപ്പിച്ചവർക്ക് സമ്മാനങ്ങൾ നൽകി. പീസ് കമ്മിറ്റി ചെയർമാൻ ശ്രീ ജോഷി കൂരിക്കാട്ടിൽ എല്ലാവർക്കും നന്ദി പറഞ്ഞു. 71 പേർ പങ്കെടുത്തു.

## എടവക



12.03.2022 ന് എടവക ഗ്രാമ പഞ്ചായത്തിലെ കല്ലോടി വായനശാലയിൽ വെച്ച് സമാധാന ദിനാചരണം സംഘടിപ്പിച്ചു. വായനശാല സെക്രട്ടറി ശ്രീ ടോമി മാത്യു സ്വാഗതം ആശംസിച്ചു. പീസ് കമ്മിറ്റി ചെയർമാൻ ശ്രീ ഒ.റ്റി. ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച യോഗം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. കല്ലോടി സ്കൂളിലെ മുൻ അധ്യാപകൻ ശ്രീ എൻ.വി. ജോർജ്ജ് സമാധാനദിന സന്ദേശം നൽകി. നീതിവേദി ഫീൽഡ് വർക്കർ ശ്രീമതി ലൈല ഉസ്മാൻ സമാധാന ദിന പ്രതിജ്ഞ ചൊല്ലികൊടുത്തു. എക്സ് സർവ്വീസ് മാൻ ശ്രീ സുനിൽ നന്ദി പറഞ്ഞു. 50 പേർ പങ്കെടുത്തു.

## നെന്മേനി





13.03.2022 ന് നെന്മേനി ഗ്രാമപഞ്ചായത്തിലെ മലവയലിൽ വെച്ച് സമാധാന ദിനാചരണം സംഘടിപ്പിച്ചു. ശ്രീമതി ദിവ്യാ പ്രകാശിന്റെ ഈശ്വര പ്രാർത്ഥനയോടെ പ്രോഗ്രാം ആരംഭിച്ചു. പീസ് കമ്മിറ്റി കൺവീനർ ശ്രീമതി സാവിത്രിയമ്മ എല്ലാവരെയും സ്വാഗതം ചെയ്തു. പീസ് കമ്മിറ്റി ചെയർമാൻ ശ്രീ. ഹരിദാസ് അദ്ധ്യക്ഷത വഹിച്ചു. നെന്മേനി ഗ്രാമ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ജയ മുരളി ഉദ്ഘാടനം ചെയ്തു. സി.ഡി.എസ്. മെമ്പർ ശ്രീമതി വിനി ബാലൻ പ്രതിജ്ഞ ചൊല്ലികൊടുത്തു. ശ്രേയസ്സ് മുൻ ആനിമേറ്റർ ശ്രീമതി അൽഫോൻസ ആശംസകൾ അർപ്പിച്ചു. ശ്രീമതി ഷീലാവതി, ശ്രീമതി സുജാത, ശ്രീമതി ഷീബ എന്നിവരെ ആദരിച്ചു. ശ്രീമതി ദിവ്യ, ശ്രീമതി സുമിയ, ശ്രീമതി ഫൈദ എന്നിവരുടെ സംഗീതാലാപനം ഏറെ ഹൃദ്യമായിരുന്നു. ശ്രീമതി സുജാത നന്ദി പറഞ്ഞു.

## വെങ്ങപ്പള്ളി



2022 മാർച്ച് മാസം 13-ാം തിയ്യതി വെങ്ങപ്പള്ളി പഞ്ചായത്തിലെ കോക്കുഴി സാംസ്കാരിക നിലയത്തിൽ വെച്ച് സമാധാനദിനാചരണം നടത്തി. പീസ് കമ്മിറ്റി കൺവീനർ ശ്രീമതി സാഹിനി സ്വാഗതം ആശംസിച്ചു. വാർഡ് മെമ്പർ ശ്രീമതി ദീപ രാജൻ അദ്ധ്യക്ഷത വഹിച്ചു. മുരേി സ്കൂൾ അധ്യാപിക ശ്രീമതി വന്ദന ഉദ്ഘാടനം നിർവ്വഹിക്കുകയും സമാധാന സന്ദേശം നൽകുകയും ചെയ്തു. ശ്രീമതി ആശ ദീപക് സമാധാന ദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ശ്രീമതി സുമി, ശ്രീമതി ശാന്ത എന്നിവർ ആശംസകൾ അർപ്പിച്ചു. ശ്രീമതി ബബിത നന്ദി പറഞ്ഞു. 52 പേർ പങ്കെടുത്തു.

## പൂതാടി



19.03.2022 ന് പൂതാടി ഗ്രാമപഞ്ചായത്തിൽ വെച്ച് സമാധാനദിനാചരണം സംഘടിപ്പിച്ചു. ശ്രീമതി ജാസ്മിന്റ പ്രാർത്ഥന ഗാനത്തിന് ശേഷം പൊതുപ്രവർത്തകൻ ശ്രീ സൈമൻ ആനപ്പാറ എല്ലാവരെയും സ്വാഗതം ചെയ്തു. പീസ് കമ്മിറ്റി ചെയർമാൻ ശ്രീ ഷാന്റി ചേനപ്പാടി അദ്ധ്യക്ഷത വഹിച്ചു. പൂതാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മേഴ്സി സാബു ഉദ്ഘാടനം ചെയ്തു. റവ. ഫാദർ ജോർജ്ജ് തട്ടാപറമ്പിൽ (വികാരി, സെന്റ് ജോസഫ് ചർച്ച്, നെയ്കുപ്പ) സമാധാനദിന സന്ദേശം നൽകി. വാർഡ് മെമ്പർ ശ്രീമതി സരിത ബി.എം. സമാധാനദിന പ്രതിജ്ഞ ചൊല്ലികൊടുത്തു. പനമരം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി അന്നക്കുട്ടി ജോസ്, പീസ് കമ്മിറ്റി മെമ്പർ ശ്രീ സന്തോഷ് ആചാരി എന്നിവർ ആശംസകൾ നൽകി. നീതിവേദി കോഡിനേറ്റർ ശ്രീ ജെയിംസ് തോമസ് നിയമബോധവൽക്കരണ ക്ലാസ്സ് എടുത്തു. എ.ഡി.എസ്. ശ്രീമതി പ്രിയ പ്രതിഷ് എല്ലാവർക്കും നന്ദി പറഞ്ഞു. 45 പേർ പങ്കെടുത്തു.

## മീനങ്ങാടി



19.03.2022 ന് മീനങ്ങാടി പഞ്ചായത്തിലെ മണിവയലിൽ വെച്ച് സമാധാന ദിനാചരണം നടന്നു. ശ്രീമതി ശോഭാ രാജ് ഈശ്വര പ്രാർത്ഥന ഗാനം ആലപിച്ചു. വാർഡ് മെമ്പർ ശ്രീമതി ശാന്തി സുനിൽ എല്ലാവരെയും സ്വാഗതം ചെയ്തു. പീസ് കമ്മിറ്റി ചെയർമാൻ ശ്രീ എം.ആർ. ശശിധരൻ അദ്ധ്യക്ഷത വഹിച്ചു. മീനങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ.ഇ. വിനയൻ ഉദ്ഘാടനം ചെയ്തു. ശ്രീ. ജെയിംസ് തോമസ് സമാധാനദിന സന്ദേശം പങ്കുവെച്ചു. സമാധാനദിന പ്രതിജ്ഞ എ.ഡി.എസ്. പ്രസിഡന്റ് ലതിക ചൊല്ലിക്കൊടുത്തു. മീനങ്ങാടി പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ഉഷ രാജേന്ദ്രൻ, ശ്രീമതി ശാരദ മണി, ശ്രീമതി അമ്മിണി ടീച്ചർ എന്നിവർ ആശംസകൾ നേർന്നു. ശ്രീമതി ശോഭ രാജ്, ശ്രീമതിസൗമ്യ വിനീത്, ശ്രീമതി സുജാത എന്നിവരുടെ ഗാനങ്ങൾ ആലപിച്ചു. അവർക്ക് സമ്മാനങ്ങൾ നൽകി. എ.ഡി.എസ്. ശ്രീമതി സുജാത സന്തോഷ് എല്ലാവർക്കും നന്ദി പറഞ്ഞു. 48 പേർ പങ്കെടുത്തു.

## കോട്ടത്തറ



24.03.2022 ന് നീതിവേദി കോട്ടത്തറ പഞ്ചായത്ത് പീസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കോട്ടത്തറ ജി.എച്ച്.എസ്. സ്കൂളിൽ വെച്ച് സമാധാനദിനാചരണം നടത്തി. ശ്രീമതി ബിജുമ്മ സ്വാഗതം ആശംസിച്ചു. കോട്ടത്തറ കർഷക സമിതി പ്രസിഡന്റ് ശ്രീ ജോയി മറ്റക്കര അദ്ധ്യക്ഷത വഹിച്ചു. ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീമതി ബിന്ദു മാധവൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് ശ്രീമതി ഷാലമ്മ ജോസ് സമാധാനദിന സന്ദേശം നൽകി. ശ്രീ ജെ. മമ്മൂട്ടി, ശ്രീ എ. അബ്ദുള്ള തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. സ്കൂൾ ലീഡർ ആശിഖ് നന്ദി പറഞ്ഞു.

## മേപ്പാടി



30.03.2022 ന് മേപ്പാടി പഞ്ചായത്തിലെ സി.ഡി.എസ്. ഹാളിൽ വെച്ച് നീതിവേദി മേപ്പാടി പഞ്ചായത്ത് പീസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സമാധാനദിനാചരണം നടത്തി. കോർടീം മെമ്പർ ശ്രീമതി ബിന്ദു ജയൻ സ്വാഗതം ചെയ്തു. എ.ഡി. എസ്. പ്രസിഡന്റ് ശ്രീമതി മിറയാമ്മ ടീച്ചർ അദ്ധ്യക്ഷത വഹിച്ചു. മേപ്പാടി പഞ്ചായത്ത് വൈസ് പ്രഡിഡന്റും നീതിവേദി പീസ് കമ്മിറ്റി കൺവീനറുമായ ശ്രീമതി റംല ഹംസ ഉദ്ഘാടനം ചെയ്തു.14-ാം വാർഡ് ജുമാ മസ്ജിദ് പള്ളിയിലെ ഉസ്താദ് ശ്രീ ഷംസദ്ദീൻ സമാധാനദിന സന്ദേശം നൽകി. പീസ് കമ്മിറ്റി അംഗം ശ്രീ അമ്മദ്കുട്ടി സമാധാനദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. നീതിവേദി കോഡിനേറ്റർ ശ്രീ ജെയിംസ് തോമസ്, ശ്രീമതി നന്ദിനി എന്നിവർ ആശംസകൾ അർപ്പിച്ചു. ശ്രീമതി റുഖിയ ഹമീദ് എല്ലാവർക്കും നന്ദി പറഞ്ഞു.

## വെള്ളമുണ്ട

30.03.2022 ന് ചെറുകര എ.എൽ.പി. സ്കൂളിൽ വെച്ച് വെള്ളമുണ്ട പീസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സമാധാനദിനാചരണം സംഘടിപ്പിച്ചു. എ.ഡി.എസ്. പ്രസിഡന്റ് ശ്രീമതി വത്സ സ്വാഗതം ആശംസിച്ചു. പീസ് കമ്മിറ്റി ചെയർമാൻ ശ്രീ അമ്മത് കൊടുവേലി അദ്ധ്യക്ഷത വഹിച്ചു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ അനിൽ കുമാർ ഉദ്ഘാടനം ചെയ്തു. ശ്രീ മംഗലശ്ശേരി മാധവൻ മാസ്റ്റർ സമാധാനദിന സന്ദേശം നൽകി. ശ്രീ അഹ്മദ് വൈക്കലേരി എല്ലാവർക്കും നന്ദി പറഞ്ഞു.

നീതിവേദിയുടെ ആഭിമുഖ്യത്തിൽ സമാധാന ദിനാചരണത്തോടനു ബന്ധിച്ചു നടത്തിയ കവിതാ രചന, ചിത്ര രചന മത്സരങ്ങളുടെ വിജയികൾക്ക് 2022 മാർച്ച് 23 ന് കൽപ്പറ്റ എം.ജി.റ്റി. ഹാളിൽ വെച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു.









| കാറ്റഗറി | ചിത്ര രചന | | | കവിതാ രചന | | |
|---|---|---|---|---|---|---|
| | ഒന്നാം സമ്മാനം | രണ്ടാം സമ്മാനം | മൂന്നാം സമ്മാനം | ഒന്നാം സമ്മാനം | രണ്ടാം സമ്മാനം | മൂന്നാം സമ്മാനം |
| വനിതകൾ | ഫസീല എ.പി. ജെ.നഗർ കമ്പളക്കാട് | റീന ജിജോ ആവയൽ മീനങ്ങാടി | - | ഷീന മിത്രം ആവയൽ | എൽസി മിത്രം ആവയൽ | - |
| യുവജനങ്ങൾ | അശ്വതി മനോജ്, പുൽപ്പള്ളി | - | - | ഐശ്വര്യ മനോജ് കേണിച്ചിറ | ഉനൈസ് തലപ്പുഴ | അശ്വതി മനോജ് പുൽപ്പള്ളി |
| കുട്ടികൾ | സൂബി കെ. സുഭാഷ്, മേപ്പാടി | അനീറ്റ മരിയ റാട്ടക്കൊല്ലി | നിഹാല നാജി, കമ്പളക്കാട് | അനാമിക മനോജ് കേണിച്ചിറ | 1. ലിയാന ഫാത്തിമ കമ്പളക്കാട്, 2. ജോമി ഷാജി ആവയൽ | അലീന രഞ്ജിത്ത് എടപ്പെട്ടി |












നീതിവേദിയുടെ ആഭിമുഖ്യത്തിൽ 08.03.2022 ന് വനിതാ ദിനാചരണം സംഘടിപ്പിച്ചു. നീതിവേദി ഓഫീസിൽ നിന്നും കാക്കവയൽ ടൗണിലേക്ക് വനിത കളുടെ റാലിയും തുടർന്ന് പൊതുസമ്മേള നവും സംഘടിപ്പിച്ചു. അഡ്വ. സിസ്റ്റർ ജോമോൾ ജോയി എല്ലാവരെയും സ്വാഗതം ചെയ്തു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളൈസി ജോസ് അദ്ധ്യക്ഷത വഹിച്ച യോഗം ജില്ലാ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി നിസ ഉദ്ഘാടനം ചെയ്തു. ദേശാഭിമാനി വയനാട് ബ്യൂറോ ചീഫ് ശ്രീമതി ഷീജ വനിതാദിന സന്ദേശം നൽകി. നീതിവേദി പ്രസിഡന്റ് അഡ്വ. ഫാ. സ്റ്റീഫൻ മാത്യു, അഡ്വ. മരിയ എന്നിവർ ആശംസകൾ അർപ്പിച്ചു. വനിതാ ദിനത്തോടനുബന്ധിച്ച് ശ്രീമതി ഷീജ, ശ്രീമതി നിസ എന്നിവരെ ആദരിച്ചു. ശ്രീ ജെയിംസ് തോമസ് ഹാപ്പിനസ്സ് പ്രോഗ്രാമിന് നേതൃത്വം നൽകി. ശ്രീമതി വത്സ ദേവസ്യ നന്ദി പറഞ്ഞു. വിവിധ വനിതാ സൗഹൃദ ക്ലബ്ബുകളിൽ നിന്നായി 65 പേർ പങ്കെടുത്തു.





2022 മാർച്ച് 4 ന് കൽപ്പറ്റ ജി.എൽ.പി.സ്ക്കൂളിൽ വെച്ച് വനിതാദിനത്തോടനുബന്ധിച്ച് നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി വൽസ ദേവസ്യ ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം സംബന്ധിച്ച് ക്ലാസ്സ് നയിച്ചു. വനിതാദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വിശദീകരിച്ചു. 55 വനിതകൾ പങ്കെടുത്തു.

2022 മാർച്ച് 6 ന് തൊണ്ടർനാട് പഞ്ചായത്തിലെ തേറ്റമലയിൽ വനിതാ സൗഹൃദ ക്ലബ്ബ് വനിതാ ദിനം ആചരിച്ചു. പ്രസിഡന്റ് ശ്രീമതി ബിന്ദു ജോൺ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റിട്ട. പ്രിൻസിപ്പൽ സിസ്റ്റർ ഷിൻസി എസ്.വി.എം. വനിതാദിന സന്ദേശം നൽകി. നീതിവേദി പ്രസിഡന്റ് അഡ്വ. ഫാ. സ്റ്റീഫൻ മാത്യു ആശംസകൾ നേർന്നു. ശ്രീമതി ആൻസി ചാക്കോ ഏവർക്കും കൃതജ്ഞ രേഖപ്പെടുത്തി.



ഈ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാർച്ച് മാസം 10-ാം തിയ്യതി ഹാപ്പിനസ്സ് പ്രോഗ്രാമിനായി അംഗങ്ങൾ ഒരുമിച്ച് ചേർന്നു. സിസ്റ്റർ ഷിൻസി, സിസ്റ്റർ ജോയ്സ് എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ വിവിധ ഗെയിമുകളിലൂടെ സ്ത്രീകൾക്ക് ഉന്മേഷവും ഊർജ്ജസ്വലതയും ലഭിക്കുന്നതിന് ഈ ഒത്തുചേരൽ സഹായകരമായി. ക്ലബ്ബ് പ്രസിഡന്റ് ശ്രീമതി ബിന്ദു ജോൺ, ശ്രീമതി സനിത തോമസ്, ശ്രീമതി ആൻസി ജോയി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## സൗഹൃദം വളർത്തി വിദ്യാർത്ഥികൾ



കോവിഡാനന്തര കാലഘട്ടത്തിൽ കുട്ടികളെ ഊർജ്ജസ്വലരാക്കുക എന്ന ലക്ഷ്യത്തോടെ മാർച്ച് 6 ന് തേറ്റമല മിറക്കിൾ വിദ്യാർത്ഥി സൗഹൃദ ക്ലബിലെ അംഗങ്ങൾക്കായി ഫുടിബോൾ മത്സരം സംഘടിപ്പിച്ചു. ശ്രീ കെ.എം. ജോയി, ശ്രീ അൻവർ, ശ്രീ സാക്കിർ എന്നിവർ നേതൃത്വ നൽകി. സമ്മാന വിതരണം നടത്തി.




## മീഡിയേഷൻ ട്രെയിനിംഗ്

2022 മാർച്ച് 14 ന് കൽപ്പറ്റ എം.ജി.റ്റി. ഹാളിൽ വെച്ച് വയനാട് ജില്ലയിലെ പഞ്ചായത്ത് പീസ് കമ്മിറ്റികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് മീഡിയേഷൻ ട്രെയിനിംങ് നൽകി. അഡ്വ. ജോമോൾ ജോയി, അഡ്വ. ഫാ. സ്റ്റീഫൻ മാത്യു, അഡ്വ. മരിയ എന്നിവർ റിസോഴ്സ് പേഴ്സൺസ് ആയിരുന്നു. മീഡിയേഷൻ, ശ്രവണകല എന്നീ വിഷയങ്ങളെ സംബന്ധിച്ച ക്ലാസ്സുകളോടൊപ്പം ഗ്രൂപ്പുതലത്തിൽ പ്രായോഗിക പരിശീലനവും നൽകി. 2022 മെയ് മാസത്തിൽ ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിക്കാൻ തീരുമാനിച്ചു. പരിശീലന പരിപാടിയിൽ 50 പേർ പങ്കെടുത്തു.

## ഭരണഘടന മൂല്യങ്ങൾ – സെമിനാർ




നീതിവേദിയുടെ ആഭിമുഖ്യത്തിൽ 2022 മാർച്ച് 23 ന് കൽപ്പറ്റ എം.ജി.റ്റി ഹാളിൽ വെച്ച് ഇന്ത്യൻ ഭരണഘടനയുടെ അന്തസത്തയും മതേതര സങ്കൽപം സംബന്ധിച്ച് വർക്ക് ഷോപ്പ് സംഘടിപ്പിച്ചു. ശ്രീ ജെയിംസ് തോമസ് സ്വാഗതം ആശംസിച്ചു. ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ കെ.ഐ. തോമസ് ഉദ്ഘാടനം ചെയ്തു. അഡ്വ. മരിയ വിഷയാവതരണം നടത്തി. അഡ്വ. ഫാ. സ്റ്റീഫൻ മാത്യു, അഡ്വ. ജോമോൾ ജോയി എന്നിവർ ചർച്ചകൾ നയിച്ചു. വിവിധ പഞ്ചായത്തുകളിൽ നിന്നായി 51 പേർ പങ്കെടുത്തു.



## മതസൗഹാർദ ഒത്തുചേരൽ



2022 മാർച്ച് 24 ന് തേറ്റമല ഭഗവതി അമ്പലത്തിലെ ഉത്സവത്തോടനുബന്ധിച്ച് നടന്ന മത സൗഹാർദ സമ്മേളനത്തിനും പായസ വിതരണത്തിനും മിറക്കിൾ യൂത്ത് ക്ലബ്ബ് നേതൃത്വം നൽകി. അമ്പല കമ്മിറ്റി ചെയർമാൻ ശ്രീ പ്രഭാകരൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് ശ്രീ കൃഷ്ണൻ കുട്ടി സ്വാഗതം ആശംസിച്ചു. നീതിവേദി പ്രസിഡന്റും തേറ്റമല വികാരിയുമായ അഡ്വ. ഫാ. സ്റ്റീഫൻ മാത്യു സമ്മേളനം ഉദ്ഘാടനം ചെയ്തു. ശ്രീ അൻവർ, ശ്രീ കെ. എം. ജോയി ആശംസകൾ നേർന്നു. മിറക്കിൾ ക്ലബ്ബ് പ്രസിഡന്റ് ശ്രീ ജെയിംസ് ഫ്രാൻസിസ്, സെക്രട്ടറി ഷീജു അബ്രാഹം, ശ്രീ വിജിത്ത്, ശ്രീ സാക്കിർ തുടങ്ങിയവർ നേതൃത്വം നൽകി.






## ഉല്ലാസയാത്ര

26.03.2022 ന് നീതിവേദിയുടെ ആഭിമുഖ്യത്തിൽ മീനങ്ങാടി പഞ്ചായത്തിലെ വനിത ക്ലബ്ബ് അംഗങ്ങൾ കാരാപ്പുഴ, പൂക്കോട് തടാകം, ഹണി മ്യൂസിയം എന്നിവിടങ്ങളിലേക്ക് വിനോദയാത്ര പോയി. രാവിലെ എട്ട് മണിയോടെ ആരംഭിച്ച യാത്ര വൈകീട്ട് നാലുമണിയോടെ സമാപിച്ചു. 93 വയസ്സുള്ള കമലാക്ഷി അമ്മ ഈ യാത്രയുടെ ശ്രദ്ധാകേന്ദ്രമായിരുന്നു.

## ഗവേർണിംഗ് ബോഡി മീറ്റിംഗ്

2022 മാർച്ച് 30 ന് ഗവേർണിംഗ് ബോഡി മീറ്റിംഗ് സംഘടിപ്പിച്ചു. പിന്നട്ട പ്രവർത്തന വർഷത്തെ നീതിവേദിയുടെ ഇടപെടലുകൾ വിലയിരുത്തി. 2022 മെയ് മാസം 4-ാം തിയ്യതി ബുധനാഴ്ച നീതിവേദി വാർഷിക ജനറൽ ബോഡി യോഗം നടത്താൻ തീരുമാനിച്ചു.

## ഭിന്നശേഷി സർവ്വെ






വയനാട് ജില്ലയിലെ മാനന്തവാടി മുനിസിപ്പാലിറ്റി, എടവക ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ ആദിവാസി വിഭാഗങ്ങളിൽപ്പെട്ട ഭിന്നശേഷിക്കാരുടെ സർവ്വെ നടത്തി. ബത്തേരി ഡോൺ ബോസ്കോ കോളേജിലെ ബി എസ് ഡബ്ല്യൂ വിദ്യാർത്ഥികൾ സർവ്വെക്ക് നേതൃത്വം നൽകി. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളൈസി ജോസ്, ശ്രീമതി സോന ജോസ് എന്നിവർ മാർഗ്ഗ നിർദ്ദേശം നൽകി.

## ചുവടുവെക്കാൻ ഒരു കൈതാങ്ങ്




19.03.2022 ന് നീതിവേദിയുടെയും അഡോറയുടെയും ആഭിമുഖ്യത്തിൽ തൃക്കൈപ്പറ്റയിലുള്ള ഖദീജ ഉമ്മക്ക് കൃത്രിമ കാൽ നൽകി. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളൈസി ജോസ്, അഡോറ ഡയറക്ടർ ശ്രീമതി നർഗീസ് ബീഗം, അഡ്വ. ജോമോൾ ജോയി, ശ്രീമതി വത്സ ദേവസ്യ, ശ്രീമതി ജൂബിലി, ശ്രീ ഷാജി തുടങ്ങിയവർ ഖദീജ ഉമ്മയുടെ വീട്ടിൽ സൗഹൃദ സന്ദർശനം നടത്തി.

# നന്ദിയോടെ...

നീതിവേദിയിലെ കോർഡിനേറ്റർ ആയി പ്രവർത്തിച്ചിരുന്ന ശ്രീ ജെയിംസ് തോമസ്, ബത്തേരി താലൂക്കിലെ ഫീൽഡ് സ്റ്റാഫ് ശ്രീമതി സുമി ഷാജി, മാനന്തവാടി താലൂക്കിലെ ഫീൽഡ് സ്റ്റാഫ് ശ്രീമതി ലൈല ഉസ്മാൻ എന്നിവർ 2022 മാർച്ച് 31 ന് സ്റ്റാഫ് അംഗങ്ങൾ എന്ന നിലയിലുള്ള ഉത്തരവാദിത്വം പൂർത്തിയാക്കി. നീതിവേദിയുടെ പേരിലുള്ള ഹൃദയംഗമമായ നന്ദിയും സ്നേഹവും മൂന്ന് പേർക്കും നേരുന്നു.





2022 മാർച്ച് 30 ന് നീതിവേദി ഓഫീസിൽ വെച്ച് നടന്ന സ്റ്റാഫ് മീറ്റിംഗഗിൽ വെച്ച് മൂന്ന് പേർക്കും യാത്രയയപ്പ് നൽകി.

# പുതിയ സ്റ്റാഫുകൾക്ക് സ്വാഗതം



**അരുൺ പി.**
മാനന്തവാടി താലൂക്ക് കോഡിനേറ്റർ



**ജ്യോതിഷ് കുമാർ**
വൈത്തിരി താലൂക്ക് കോഡിനേറ്റർ



**പ്രവീൺ കുമാർ വി.പി.**
ബത്തേരി താലൂക്ക് കോഡിനേറ്റർ



**ഇന്ദുലേഖ**
ഫീൽഡ് വർക്കർ



**മിനി**
ഫീൽഡ് വർക്കർ







**NEETHI VEDHI**

സുധിക്കവല, കാക്കവയൽ പി.ഒ

കൽപ്പറ്റ നോർത്ത്, വയനാട് – 673122

ഫോൺ – 04936 246788, 9496197378

**neethivedhi@gmail.com**

**www.neethivedhi.org**